# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1349** **31.10.2019 -ൽ മറുപടിയ്ക്ക്**

## സ്കൂളുകൾക്ക് ഐ.റ്റി. ഉപകരണങ്ങൾ

ചോദ്യം **ഉത്തരം**

**ശ്രീ.അനൂപ് ജേക്കബ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സ്കൂളുകളിലേക്കുള്ള ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിൽ സുതാര്യത ഉറപ്പാക്കുവാനും, അനാവശ്യവും വിലകൂടിയതുമായ ഉപകരണങ്ങൾ വാങ്ങുന്നത് തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി.ഹാർഡ് വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും കാലാകാലങ്ങളിൽ മാർഗനിർദ്ദേശങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. |
| ബി) | സർക്കാർ ഫണ്ടുപയോഗിച്ച് സ്കൂളുകളിലേക്ക് ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് റ്റി.വി എന്നിവ വാങ്ങുന്നത് തടഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | ഉണ്ട് ; പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും ഒരു സാങ്കതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതി നിശ്ചയിക്കുന്ന ഉപകരണങ്ങളാണ് സ്കൂളുകൾക്ക് ലഭ്യമാക്കുന്നത്. ഹൈടെക്ക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ് ടോപ്പ്, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻറ് ഇൻറർനെറ്റ് എന്നിവയാണ്. മാർഗ നിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഇൻററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടി.വി. പോലുള്ളവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്ന് കണ്ടെത്തിയതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| സി) | സ്കൂളുകൾ വാങ്ങുന്ന ഐ.റ്റി. ഉപകരണങ്ങൾക്ക് വില്പനാനന്തര സേവന വ്യവസ്ഥ ഉറപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) | ഉണ്ട്. സ്കൂളുകളിലേയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുന്ന എല്ലാ ഐ.ടി.ഉപകരണങ്ങൾക്കും 5 വർഷം വാറണ്ടി ഉറപ്പാക്കുന്നതിനും സർക്കാർ അംഗീകരിച്ചിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | ചീത്തയാകുന്ന ഉപകരണങ്ങൾ നന്നാക്കാതിരിക്കുകയോ, പരാതികൾ പരിഹരിക്കാതിരിക്കുകയോ ചെയ്യുന്ന വില്പനക്കാർ/വിതരണക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിന് വ്യവസ്ഥ കൊണ്ടു വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി ഹൈടെക് ലാബ് പദ്ധതി പ്രകാരം സ്കൂളുകൾക്ക് നൽകുന്ന ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഏതെങ്കിലും ഉപകരണത്തിന് തകരാറ് സംഭവിച്ചാൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും അത് യഥാസമയം പരിഹരിക്കപ്പെടാതിരുന്നാൽ വിൽപ്പനക്കാർ / വിതരണക്കാരിൽനിന്നും പിഴ ഈടാക്കുന്നതിനും നിലവിലുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ